**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2791** **24-02-2026 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ കൃഷിയിട സംരക്ഷണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2021 ജൂൺ മുതൽ 2026 ജനുവരി വരെയുള്ള കാലയളവിൽ നാദാപുരം മണ്ഡലത്തിൽ വന്യമൃഗങ്ങളിൽ നിന്ന് കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (എ) | നാദാപുരം നിയോജക മണ്ഡലത്തിൽ കുറ്റല്ലൂർ, തരിപ്പ, പന്നിയേരി, മലയങ്ങാട്, പൂവത്താംകണ്ടി, വാളൂക്ക് എന്നിവിടങ്ങളിലായി 15 കി.മീ. ഫെൻസിംഗ് നിലവിലുണ്ട്. നബാർഡ് സ്കീമിലുൾപ്പെടുത്തി നാദാപുരം നിയോജക മണ്ഡലത്തിന്റെ വിവിധ സ്ഥലങ്ങളിൽ 17.5 കി.മീ. ഫെൻസിംഗ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും ആയതിൽ കുറ്റല്ലൂർ ചക്കരക്കുണ്ട് ഭാഗങ്ങളിൽ പ്രവൃത്തി അവസാന ഘട്ടത്തിലുമാണ്. RKVY പദ്ധതിയിൽ ഉൾപ്പെടുത്തി 36 കി.മീ. ഫെൻസിംഗ് നടത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. നാദാപുരം നിയോജക മണ്ഡല-ത്തിന്റെ കീഴിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി അഞ്ച് പ്രൈമറി റെസ്പോൺസ് ടീമുകൾ (PRT) രൂപീകരിച്ചിട്ടുള്ളതും ഒരു സാറ്റലൈറ്റ് ആർ.ആർ.ടി.യെ വിന്യസിച്ചിട്ടുള്ളതുമാണ്. കൂടാതെ വന്യമൃഗങ്ങൾ ഇറങ്ങാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ രാത്രികാല പരിശോധനയും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ